ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

DATE: 16.07.2025 | പ്രധാന വാർത്തകൾ | TIME : 07.25 AM

1. രാജ്യത്തെ യുവാക്കളുടെ കഴിവുകൾ മെച്ചപ്പെടുത്താനും പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും സ്കിൽ ഇന്ത്യ സംരംഭത്തിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi said that the Skill India initiative has helped improve the skills of the country's youth and create new opportunities.**

2. സമൂസ, ജിലേബി, ലഡ്ഡു തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ മുന്നറിയിപ്പ് ലേബലുകൾ നൽകാൻ നിർദ്ദേശിച്ചതായുള്ള റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം.

   **The Health Ministry has rejected the media reports which claimed that the Ministry has directed to issue warning labels on food products such as Samosa, Jalebi and Laddoo.**

3. ഏഴ് വയസ്സിനും അതിനു മുകളിലും പ്രായമുള്ള കുട്ടികളുടെ നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയാക്കണമെന്ന് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ.

   **The Unique Identification Authority of India (UIDAI) has urged Parents and Guardians to Complete Mandatory Biometric Update for Children Aged 7 and above.**

4. പ്രശസ്ത ഇന്ത്യൻ ചലച്ചിത്രകാരൻ സത്യജിത് റേയുടെ ബംഗ്ലാദേശിലെ പൂർവ്വിക സ്വത്ത് പൊളിച്ചുനീക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് ഇന്ത്യ.

   **New Delhi has called on Dhaka to reconsider its decision to demolish the ancestral property of noted filmmaker Satyajit Ray.**

5. കേരളത്തിൽ അതിശക്ത മഴയ്ക്ക് സാധ്യതയെന്ന് മുന്നറിയിപ്പ്. ഇന്ന് അഞ്ച് ജില്ലകളിൽ ഓറഞ്ച് ജാഗ്രത. ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

   **IMD predicts Heavy rain in Kerala. Orange alert in five districts today. Fishing banned until Saturday.**

6. ഫിഡെ ചെസ് വനിതാ ലോകകപ്പ് നാലാം റൗണ്ടിൽ ഇന്ത്യയുടെ ആർ. വൈശാലി, കൊനേരു ഹംപി ഉൾപ്പടെയുള്ളവർ ഇന്ന് മാറ്റുരയ്ക്കും.

   **In Chess, Indian players including R. Vaishali, Koneru Humpy and others will compete in the fourth round of the FIDE Women's World Cup.**

*****************************************************

**HEADLINE-1**

## PM-SKILL INDIA

സ്കിൽ ഇന്ത്യ സംരംഭം നിരവധി യുവജനങ്ങൾക്ക് പ്രയോജനം ചെയ്തിട്ടുണ്ടെന്നും, പുതിയ കഴിവുകൾ നൽകി യുവാക്കളെ ശക്തിപ്പെടുത്തുകയും അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ടെന്നും പ്രധാനമന്ത്രി നരേന്ദ്ര മോദി. ദൗത്യം പത്ത് വർഷം തികയുമ്പോൾ, നൈപുണ്യമുള്ളതും സ്വാശ്രയത്വമുള്ളതുമായ യുവതയെ കെട്ടിപ്പടുക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്രമന്ത്രി ജയന്ത് ചൗധരിയുടെ സമൂഹമാധ്യമ പോസ്റ്റിന് മറുപടിയായി ശ്രീ മോദി പറഞ്ഞു.

****************

**HEADLINE-2**

## HEALTH MINISTRY - STREET FOOD

സമൂസ, ജിലേബി, ലഡ്ഡു തുടങ്ങിയ ഭക്ഷ്യവസ്തുക്കളിൽ മുന്നറിയിപ്പ് ലേബലുകൾ നൽകാൻ നിർദ്ദേശിച്ചതായുള്ള മാധ്യമ റിപ്പോർട്ടുകൾ അടിസ്ഥാനരഹിതമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. ആരോഗ്യകരമായ ഭക്ഷണ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി മന്ത്രാലയം പുറപ്പെടുവിച്ച പ്രത്യേക നിർദ്ദേശങ്ങൾ തെറ്റായി

വ്യാഖാനിക്കുകയായിരുന്നുവെന്ന് മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു. ഇന്ത്യയിലെ സമ്പന്നമായ തെരുവ് ഭക്ഷണ സംസ്കാരത്തെ ഇത് ലക്ഷ്യമിടുന്നില്ലെന്നും വ്യക്തമാക്കി. തൊഴിലിടങ്ങളിലെ ഭക്ഷണശാലകളിൽ കൊഴുപ്പിന്റെയും അധിക പഞ്ചസാരയുടെയും ദോഷവശങ്ങളെക്കുറിച്ച് അവബോധം ഉണർത്തുന്ന ബോർഡുകൾ പ്രദർശിപ്പിക്കണമെന്ന് നിർദ്ദേശത്തിൽ പറയുന്നുണ്ട്.

****************

**HEADLINE-3**

## UIDAI AADHAR UPDATE

ഏഴ് വയസ്സിനും അതിനു മുകളിലും പ്രായമുള്ള കുട്ടികളുടെ നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയാക്കണമെന്ന് നിർദ്ദേശിച്ച് യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ. ഏഴ് വയസ്സ് തികഞ്ഞെങ്കിലും ഇതുവരെ ആധാറിലെ ബയോമെട്രിക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടില്ലാത്ത കുട്ടികളാണ് നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയാക്കേണ്ടത്. 7 വയസ്സിന് ശേഷവും നിർബന്ധിത ബയോമെട്രിക് അപ്ഡേറ്റ് പൂർത്തിയായില്ലെങ്കിൽ, നിലവിലുള്ള ആധാർ നമ്പർ നിർജ്ജീവമായേക്കാം.

****************

## PM-UTTARAKHAND-ACCIDENT

ഉത്തരാഖണ്ഡിലെ പിത്തോറഗഢിൽ ഉണ്ടായ വാഹനാപകടത്തിൽ എട്ട് പേർ മരിക്കുകയും നാല് പേർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തി പ്രധാനമന്ത്രി നരേന്ദ്ര മോദി. മരിച്ചവരുടെ കുടുംബത്തിന് പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു. പരിക്കേറ്റവർക്ക് 50,000 രൂപ വീതവും നൽകും.

****************

HEADLINE-4

## MEA SATYAJIT RAY BANGLADESH

പ്രശസ്ത ഇന്ത്യൻ ചലച്ചിത്രകാരൻ സത്യജിത് റേയുടെ പൂർവ്വിക സ്വത്ത് പൊളിച്ചുനീക്കാനുള്ള തീരുമാനം പുനഃപരിശോധിക്കണമെന്ന് ബംഗ്ലാദേശിനോട് ആവശ്യപ്പെട്ട് ഇന്ത്യ. ബംഗ്ലാ സാംസ്കാരിക നവോത്ഥാന പ്രതീകമെന്ന നിലയിൽ കെട്ടിടം സംരക്ഷിക്കാൻ ഇന്ത്യ സഹായം വാഗ്ദാനം ചെയ്തു. ഇരു രാജ്യങ്ങളുടെയും പൊതു സംസ്കാരത്തിന്റെ പ്രതീകമായ ഒരു മ്യൂസിയമാക്കി ഇത് മാറ്റാൻ ഇന്ത്യ ബംഗ്ലാദേശിനോട് ആവശ്യപ്പെട്ടു. സത്യജിത് റേയുടെ മുത്തച്ഛനും സാഹിത്യകാരനുമായ ഉപേന്ദ്ര കിഷോർ റേ ചൗധരിയുടേതാണ് ചരിത്രപ്രധാനമായ ഈ കെട്ടിടം.

****************

## NITIN GADKARI (INTRO)

നൂതന സാങ്കേതികവിദ്യ ഉചിതമായി ഉപയോഗിച്ചാൽ ഗ്രാമീണമേഖലയിലെ സാഹചര്യങ്ങളിൽ മാറ്റം കൊണ്ടുവരാൻ സാധിക്കുമെന്നും ആ പ്രദേശങ്ങളിലെ ജനങ്ങൾക്ക് നഗരങ്ങളിലേക്ക് കുടിയേറേണ്ട ആവശ്യം വരില്ലെന്നും കേന്ദ്ര മന്ത്രി നിതിൻ ഗഡ്കരി. ന്യൂഡൽഹിയിൽ 12-ാമത് ദേശീയ സിഎസ്ആർ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിന് സാമൂഹിക-സാമ്പത്തിക ഓഡിറ്റുകൾ നടത്തണമെന്ന് ആദ്ദേഹം വ്യവസായ പങ്കാളികളോട് ആവശ്യപ്പെട്ടു.

(ഹോൾഡ് വോയിസ്)

****************

## AXIOM-LANDING

ചരിത്രം കുറിച്ച്, 18 ദിവസത്തെ ആക്സിയം-4 ബഹിരാകാശ ദൗത്യത്തിന് ശേഷം ഇന്ത്യൻ ബഹിരാകാശ യാത്രികൻ ശുഭാംശു ശുക്ല ഉൾപ്പെടെയുള്ള നാലംഗ സംഘം സുരക്ഷിതമായി ഇന്നലെ ഭൂമിയിൽ തിരിച്ചെത്തി. നാലംഗ സംഘത്തെയും വഹിച്ചുള്ള സ്പേസ് എക്സിന്റെ ഡ്രാഗൺ പേടകം കാലിഫോർണിയക്കടുത്തുള്ള സാൻ ഡീഗോ തീരത്ത് പസഫിക് സമുദ്രത്തിൽ സ്പ്ളാഷ് ലാൻഡിംഗ് നടത്തി. സഞ്ചാരികളെല്ലാം സുരക്ഷിതരായി തിരിച്ചെത്തിയെന്ന് അധികൃതർ അറിയിച്ചു. നാല് യാത്രികരും ഒരാഴ്ചത്തെ ആരോഗ്യ നിരീക്ഷണത്തിലായിരിക്കും.

****************

## JAISHANKAR CALLED ON XI JINPING

ബീജിംഗിൽ എസ് സി ഒ അംഗങ്ങൾക്കൊപ്പം വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ചൈനീസ് പ്രസിഡന്റ് ഷി ജിൻപിങ്ങിനെ സന്ദർശിച്ചു. ഇന്ത്യയും ചൈനയും തമ്മിലുള്ള ഉഭയകക്ഷി ബന്ധത്തിലെ സമീപകാല സംഭവവികാസങ്ങളെക്കുറിച്ച് ചൈനീസ് പ്രസിഡന്റിനെ അറിയിച്ചതായി ഡോ. ജയ്ശങ്കർ സമൂഹ മാധ്യമ പോസ്റ്റിൽ കുറിച്ചു.

****************

## IRAN-INDIANS ADVISORY

ഇറാനിലേക്ക് അത്യാവശ്യമല്ലാത്ത യാത്രകൾ ഒഴിവാക്കണമെന്ന് ഇന്ത്യൻ പൗരന്മാർക്ക് നിർദ്ദേശം നൽകി ഇറാനിലെ ഇന്ത്യൻ എംബസി. മേഖലയിൽ ഉയർന്നുവരുന്ന സുരക്ഷാ ആശങ്കകൾ പരിഗണിച്ചാണ് നിർദ്ദേശം. ഇറാനിലുള്ള ഇന്ത്യൻ പൗരന്മാരിൽ നാട്ടിലേക്ക് മടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് നിലവിൽ ലഭ്യമായ വിമാനത്തിന്റെയോ

ഫെറിയുടെയോ സേവനം ഉപയോഗിക്കാമെന്നും എംബസി അറിയിച്ചു.

****************

## HARDEEP SINGH PURI (INTRO)

ഇന്ത്യയുടെ വികസന യാത്രയുടെ കാതൽ വിദ്യാഭ്യാസമായിരിക്കണമെന്ന് കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. ന്യൂഡൽഹിയിൽ രാജ്യത്തെ സ്കൂൾ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ഒരു സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ വളർച്ചയ്ക്ക് വിദ്യാഭ്യാസം അത്യന്താപേക്ഷിതമാണെന്നും അദ്ദേഹം പറഞ്ഞു.

(വോയിസ്)

****************

**HEADLINE-5**

## RAIN KERALA

സംസ്ഥാനത്ത് വരും ദിവസങ്ങളിൽ അതിശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് ഇടുക്കി, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രത നൽകിയിട്ടുണ്ട്. മറ്റെല്ലാ ജില്ലകളിലും ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശക്തമായ കാറ്റിനും, മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

****************

## NIMISHA-EXECUTION

യെമനിൽ നടത്താനിരുന്ന മലയാളി നഴ്സ് നിമിഷപ്രിയയുടെ വധശിക്ഷ മാറ്റിവച്ചു. നിമിഷപ്രിയയുടെ കുടുംബത്തിന് എതിർ കക്ഷിയുമായി സംസാരിച്ച് പരിഹാരത്തിലെത്താൻ കൂടുതൽ സമയം തേടുന്നതിന് സർക്കാർ ശ്രമങ്ങൾ നടത്തിയിരുന്നു. ഇതിന്റെ ഫലമായാണ് വധശിക്ഷ മാറ്റിയതെന്ന് ഔദ്യോഗിക വൃത്തങ്ങൾ വ്യക്തമാക്കി.

****************

## NIMISHA PRIYA-GOV-CM

നിമിഷ പ്രിയയുടെ വധശിക്ഷ മാറ്റിയതിൽ സന്തോഷമെന്ന് ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ. ആശ്വാസ വാർത്തയ്ക്ക് കാരണം പല തലങ്ങളിൽ നിന്നുള്ള കൂട്ടായ പരിശ്രമമെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു. വധശിക്ഷ നടപ്പാക്കുന്നത് നീട്ടിവെച്ച വാർത്ത ആശ്വാസജനകവും പ്രതീക്ഷാനിർഭരവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ സമൂഹമാധ്യമത്തിൽ കുറിച്ചു. നിമിഷ പ്രിയയുടെ മോചനത്തിന് കേന്ദ്ര സർക്കാർ നടത്തിയ ശ്രമങ്ങൾ ശ്രദ്ധേയമാണെന്ന് ബിജെപി സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

****************

**HEADLINE-6**

## CHESS - FIDE WOMENS WORLD CUP

ജോർജിയയിലെ ബറ്റൂമിയിൽ നടക്കുന്ന ഫിഡെ ചെസ് വനിതാ ലോകകപ്പ് നാലാം റൗണ്ടിൽ ഇന്ത്യൻ താരങ്ങൾ ഇന്ന് മാറ്റുരയ്ക്കും. ക്വാർട്ടർ ഫൈനലിൽ സ്ഥാനമുറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ആർ. വൈശാലി, ഹരിക ദ്രോണവല്ലി, കൊനേരു ഹംപി, ദിവ്യ ദേശ്മുഖ് എന്നിവരാണ് നാലാം റൗണ്ടിൽ മത്സരിക്കുന്നത്.

****************

## BADMINTON- JAPAN OPEN

ജപ്പാൻ ഓപ്പൺ സൂപ്പർ 750 ടൂർണമെന്റിന് ഇന്ന് ടോക്യോയിൽ തുടക്കമാകും. രണ്ട് തവണ ഒളിമ്പിക് മെഡൽ ജേതാവായ പി.വി. സിന്ധു, ലക്ഷ്യ സെൻ, പുരുഷ ഡബിൾസ് ജോഡികളായ സാത്വിക് സായ്‌രാജ് രങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി എന്നിവരുൾപ്പെടെ ഇന്ത്യയിലെ മുൻനിര ബാഡ്മിന്റൺ താരങ്ങൾ ടൂർണമെന്റിൽ മാറ്റുരക്കും. ഇന്ന് രാവിലെ ആദ്യ റൗണ്ടിൽ കൊറിയൻ സഖ്യത്തെ സാത്വിക് സായ്‌രാജ് ചിരാഗ് ഷെട്ടി സഖ്യം നേരിടും. പി.വി. സിന്ധു ഇന്ന് തന്റെ ആദ്യ റൗണ്ടിൽ ദക്ഷിണ കൊറിയയുടെ സിം യു-ജിനെ നേരിടും.

****************

## MALAPPURAM-NIPAH

മലപ്പുറം ജില്ലയിലും പാലക്കാടും നിപാ സ്ഥിരീകരിച്ച പശ്ചാത്തലത്തിൽ വവ്വാലുകളെ ആട്ടിയോടിക്കുന്നതും ആവാസകേന്ദ്രം നശിപ്പിക്കുന്നതും കൂടുതൽ അപകടകരമാണെന്ന് ജില്ലാ ടാസ്ക് ഫോഴ്സ് സംഘത്തിന്റെ മുന്നറിയിപ്പ്. വവ്വാലുകളിൽ നിന്ന് നിപാ പടരുന്നുവെന്ന കാരണത്താൽ ഇവയെ കൂട്ടത്തോടെ ഇല്ലാതാക്കുന്നത് വൈറസ് വ്യാപനത്തിന് കാരണമാകുമെന്നാണ് ആശങ്ക. നിലവിൽ നിപാ ലക്ഷണങ്ങളുമായി ആശുപത്രിയിലെത്തുന്നവരുടെ സാമ്പിളുകൾ പരിശോധനയ്ക്ക് അയക്കുന്നുണ്ട്. ഇതിനുപുറമെ മസ്തിഷ്കജ്വരം ബാധിച്ച് എത്തുന്നവരുടെ സാമ്പിളുകളും പരിശോധിക്കാൻ കലക്ടർ അധ്യക്ഷനായ ടാസ്ക് ഫോഴ്സ് യോഗത്തിൽ തീരുമാനിച്ചു.

*

********

***********************